3. മുന്നിയൂർ തേഞ്ഞിപ്പാലം, ചേലാമ്പ്ര, പെരുവള്ളൂർ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി മെച്ചപ്പെടുത്തൽ.

4. തിരൂരങ്ങാടി പഞ്ചായത്തിലെ വെണ്ണിയൂർ പ്രദേശത്തേയ്ക്കുള്ള ശുദ്ധജല വിതരണ പദ്ധതി മെച്ചപ്പെടുത്തൽ.

5. കൊണ്ടോട്ടി, നെടിയിരുപ്പ് പ്രദേശങ്ങളിലേയ്ക്കുള്ള ശുദ്ധജല വിതരണ പദ്ധതി മെച്ചപ്പെടുത്തൽ.

ഇവയിൽ 3-ലും 4-ലും ഉൾപ്പെട്ട പദ്ധതികൾക്ക് ഫണ്ടിന്റെ ലഭ്യതക്കനുസൃതമായി ഭരണാനുമതിയും മറ്റ് രണ്ട് പദ്ധതികൾക്ക് പുതുക്കിയ ഭരണാനുമതിയും നൽകുകയും മറ്റ് പദ്ധതികളുടെ ഭരണാനുമതി നൽകുന്ന കാര്യം പരിഗണിച്ചു വരുന്നു.

(എഫ്) രണ്ട് പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും മറ്റു പദ്ധതികളുടെ ഭരണാനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുമാണ്.

(ജി) ഭരണാനുമതി നൽകിയ മുന്നിയൂർ തേഞ്ഞിപ്പാലം, ചേലാമ്പ്ര, പെരുവള്ളൂർ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിക്ക് 158 ലക്ഷം രൂപയും തിരൂരങ്ങാടി പഞ്ചായത്തിലെ വെണ്ണിയൂർ പ്രദേശത്തേയ്ക്കുള്ള ശുദ്ധജല വിതരണ പദ്ധതിക്ക് 82.50 ലക്ഷം രൂപയുമാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്.

എല്ലാ പഞ്ചായത്തിലും അണുവിമുക്ത കുടിവെള്ള വിതരണപദ്ധതി

136 (5026) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും അണു വിമുക്ത കുടിവെള്ളം വിതരണം ചെയ്യുന്നതിന് പുതിയ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിക്ക് നബാർഡ് എത്ര കോടി രൂപയുടെ സഹായമാണ് പ്രഖ്യാപിച്ചിട്ടുള്ളത് ;

(സി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ രൂപരേഖ അംഗീകരിച്ചിട്ടുണ്ടോ ;

(ഡി) ഈ വർഷം പ്രസ്തുത പദ്ധതിയിൻകീഴിൽ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്താൻ കഴിയുമെന്നാണ് കണക്കാക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇതുവരെ പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിക്കഴിഞ്ഞു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ - ഇ) 2010-11 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ എല്ലാ പഞ്ചായത്തിലും അണു വിമുക്ത കുടിവെള്ളം വിതരണം ചെയ്യുന്നതിന് 25 കോടി രൂപ ചെലവു വരുന്ന സ്കീം നബാർഡ് സഹായത്തോടെ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവെങ്കിലും വിശദാംശങ്ങളിൽ തീരുമാനമായിട്ടില്ല.

വാട്ടർ ട്രീറ്റ്മെന്റ് പ്ളാന്റുകൾ

137 (5027) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിലവിലുള്ള വിവിധ കുടിവെള്ള വിതരണ പദ്ധതികളുടെ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനും പഴയ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകൾ നവീകരിക്കുന്നതിനുമായി ഈ വർഷം എന്തൊക്കെ പ്രവർത്തനങ്ങൾ നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ബി) ഇതിനു പുറമേ ഈ വർഷം എവിടെയൊക്കെ പുതിയ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ വർഷം ഇത്തരം ഏതൊക്കെ പുതിയ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 2009-2010-ലെ മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെട്ട കേരള വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പദ്ധതികൾ ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. നിലവിലുള്ള 43 ജലശുദ്ധീകരണ ശാലകളുടെ പുനരുദ്ധാരണത്തിന് ഭരണാനുമതി നൽകിയതിൽ 2വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവയുടെ പണികൾ ഈ വർഷം പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം -1 ആയി ചേർക്കുന്നു.*

ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം വെള്ളയമ്പലത്തെ ട്രീറ്റ്മെന്റ് പ്ളാന്റും കോഴിക്കോട് ശുദ്ധജല വിതരണ പദ്ധതിയുടെ ചില ഘടകങ്ങളും നവീകരിക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ സംസ്ഥാനത്തെ നിലവിലുള്ള വിവിധ കുടിവെള്ള വിതരണ പദ്ധതികളുടെ പുനരുദ്ധാരണവും മെച്ചപ്പെടുത്തലും വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly